
# സ്ക്രബ് ടൈഫസ്



**പ്രധാന ലക്ഷണങ്ങൾ എന്തെല്ലാം ?**

- സ്ക്രബ് ടൈഫസിന്റെ ലക്ഷണങ്ങൾ സാധാരണയായി അണുബാധയ്ക്ക് ശേഷം 10 ദിവസത്തിനുള്ളിൽ ആരംഭിക്കും.
- പനി, വിറയൽ
- തലവേദന
- ശരീരവേദന
- പേശിവേദന
- ചിഗ്ഗർ (ഒരുതരം ചെള്ള്) കടിയേറ്റ സ്ഥലത്ത് ചൊറിച്ചിലോടുകൂടിയ ഇരുണ്ട പാട് (എസ്ചാർ എന്നും അറിയപ്പെടുന്നു)
- മാനസികാവസ്ഥക്കു മാറ്റം (കോമ വരെ ഉണ്ടാകാം),
- തൊലിപ്പുറത്തുള്ള കുമിളകൾ.



**പ്രതിരോധ മാർഗ്ഗങ്ങൾ എന്തെല്ലാം ?**

- ചെള്ള് കടിക്കുന്നതിലൂടെയാണ് രോഗം പിടിപെടുന്നത്.
- ചെള്ളുകൾ വളരാൻ സാദ്ധ്യതയുള്ള നിലത്തും സസ്യജാലങ്ങളിലും കീടനാശിനികൾ സ്പ്രൈ ചെയ്യുക.
- എലികളെ നിയന്ത്രിക്കുക.
- ഈ അസുഖം റിപോർട്ട് ചെയ്യപ്പെട്ടാൽ വയലുകൾ, വനങ്ങൾ, പുൽത്തകിടികൾ, തടാകങ്ങൾ, അരുവികൾ തുടങ്ങിയ ഈർപ്പമുള്ള, ചെള്ളുകൾ കാണപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങൾ സന്ദർശിക്കുന്നത് ഒഴിവാക്കണം.
- ഒഴിവാക്കാൻ കഴിയാത്ത വ്യക്തികൾ സംരക്ഷണ വസ്ത്രങ്ങൾ ധരിക്കുകയും വസ്ത്രങ്ങളിലും കിടക്കകളിലും മൈറ്റൈസൈഡ് (ഉദാ. ബെൻസോയിൽ ബെൻസോയേറ്റ്) പുരട്ടുകയും വേണം. സംരക്ഷണ വസ്ത്ര മില്ലാത്ത ഭാഗങ്ങളിൽ മൈറ്റ് റിപ്പല്ലന്റായ ഡൈതൈൽടോളുവാമൈഡ് പുരട്ടുകയും വേണം.

